REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഇൻഡോ - US വ്യാപാര കരാറിൽ ലോക്സഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം - ഉച്ചക്ക് 2 വരെ സഭാ നടപടികൾ നിർത്തി വെച്ചു.
- കേരളത്തിലെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയം കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- സംസ്ഥാനത്ത് എല്ലാവരും ഭരണമാറ്റം ആഗ്രഹിക്കുന്നതായി പ്രതിപക്ഷ നേതാവ് VD സതീശൻ.
- ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A.പത്മകുമാറിന്റെ റിമാന്റ് കാലാവധി ഈ മാസം 24 വരെ നീട്ടി.
- ഡൽഹിയിൽ ട്വന്റി-20 ലോകകപ്പിൽ നെതർലന്റ്സിനെതിരെ നമീബിയ ബാറ്റിംഗ് ആരംഭിച്ചു.

## വാർത്തകൾ വിശദമായി

ഇൻഡോ - US വ്യാപാര കരാറിൽ ലോക്സഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ഉച്ചക്ക് 2 വരെ സഭാനടപടികൾ നിർത്തിവെച്ചു. സഭയിൽ ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, DMK അംഗങ്ങളാണ് നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചത്. സഭാ നടപടി തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചെങ്കിലും, പ്രതിപക്ഷം ബഹളം തുടർന്നു.

✪✪✪

സീഷെൽസിന് 175 മില്യൺ ഡോളറിന്റെ പ്രത്യേക സാമ്പത്തിക പാക്കേജ് ഇന്ത്യ പ്രഖ്യാപിച്ചു. ആരോഗ്യം, കാലാവസ്ഥാ നിരീക്ഷണം, ഇലക്ട്രോണിക്സ്, IT, സദ്ഭരണം തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും ധാരണാ പത്രങ്ങളിൽ ഒപ്പുവച്ചു.

✪✪✪

ഇന്ത്യ-US വ്യാപാര കരാർ, കാർപെറ്റ് വ്യവസായത്തിന് വളരെയധികം ഗുണം ചെയ്യുമെന്ന് കാർപെറ്റ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ വിലയിരുത്തി. കരാർ താരിഫ് 50 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറയ്ക്കുന്നത്, കാർപെറ്റ് മേഖലയ്ക്ക് പുതിയ ഊർജ്ജവും, ആവേശവും പകരുമെന്ന് വൈസ് ചെയർമാൻ അസ്ലം മഹ്ബൂബ് പറഞ്ഞു.

✪✪✪

കേരളത്തിലെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായ കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. പൊതുമേഖലാ സ്ഥാപനങ്ങളുടെ CSR ഫണ്ടും, MP, MLA ഫണ്ടുകളും ഉപയോഗിച്ച് 60 കോടി രൂപ ചെലവിലാണ് സ്കൂൾ നവീകരിച്ചത്. നൂതന മാതൃകയിലെ ലാബുകളും അഡ്വാൻസ് സയൻസ് റോബോട്ടിക്സ് ലാബും മുദ്രാ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. പത്തു കോടി രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന പ്ലാനറ്റോറിയത്തിന്റെയും ശാസ്ത്രം മ്യൂസിയത്തിന്റെയും നിർമ്മാണം പുരോഗമിക്കുകയാണ്.

✪✪✪

സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ സംസ്കരണ - മൂല്യവർദ്ധന - വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാൻ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ 2026, മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. മന്ത്രി P പ്രസാദ് തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചതാണിത്.

ഈ മാസം 16 വരെ ആനയറ വേൾഡ് മാർക്കറ്റ് ഗ്രൗണ്ടിലെ കാർഷിക മേളയിൽ, മേഖലയിലെ ആധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്ത് അറിയാൻ അവസരം ലഭിക്കും. പ്രദർശനം, സെമിനാറുകൾ, കർഷക പാർലമെന്റ്, ബിസിനസ്മീറ്റിംഗ്, DPR ക്ലിനിക് എന്നിവ ഉണ്ടായിരിക്കും. 250-ലധികം സ്റ്റാളുകൾ മേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ഭരണത്തുടർച്ച ലക്ഷ്യമിട്ട് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന വികസന മുന്നേറ്റ ജാഥ മലപ്പുറം ജില്ലയിൽ പ്രവേശിച്ചു. കോഴിക്കോട് ബേപ്പൂർ മണ്ഡലത്തിലെ പര്യടനത്തിന് ശേഷമാണ് ജാഥ മലപ്പുറത്തെത്തിയത്. കോട്ടപ്പടിയിൽ പൗര പ്രമുഖരുമായി MV ഗോവിന്ദൻ കൂടിക്കാഴ്ച നടത്തി. കൊണ്ടോട്ടിയിലാണ് ആദ്യ സ്വീകരണം. വൈകിട്ട് അഞ്ചിന് വണ്ടൂരിലെ മണലിമ്മൽ പാടത്താണ് ഇന്നത്തെ സമാപനം.

CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം നയിക്കുന്ന തെക്കൻ മേഖലാ ജാഥ കൊല്ലം ജില്ലയിൽ പര്യടനം ആരംഭിച്ചു. കേരള കോൺഗ്രസ് M ചെയർമാൻ ജോസ് K മാണി നയിക്കുന്ന മധ്യമേഖലാ ജാഥ കോട്ടയം ജില്ലയിൽ പര്യടനം പൂർത്തിയാക്കി ഇടുക്കി ജില്ലയിൽ പ്രവേശിച്ചു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളയുടെ പേരിൽ LDF നെ ആക്രമിക്കാൻ ശ്രമിച്ചവർക്ക്, കൊടിമര കൊള്ളയിൽ വിജിലൻസ് അന്വേഷണ ഉത്തരവിട്ട ഹൈക്കോടതി നടപടി, കനത്ത തിരിച്ചടിയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ഇതോടെ ശബരിമല സ്വർണ്ണ കവർച്ചയിൽ കോൺഗ്രസ് നേതാക്കളുടെ പങ്ക് പുറത്ത് വരുമെന്ന് അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. വികസന മുന്നേറ്റ ജാഥയ്ക്ക് നൽകിയ സ്വീകരണ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

UDF - ജമാഅത്തെ ഇസ്ലാമി കൂട്ടുകെട്ടുമായി മുന്നോട്ടു പോകുന്നതിൽ, ലീഗും PK കുഞ്ഞാലിക്കുട്ടിയും നിലപാട് വ്യക്തമാക്കണമെന്നും ഗോവിന്ദൻ ആവശ്യപ്പെട്ടു.

✪✪✪

പ്രതിപക്ഷ നേതാവ് VD സതിശൻ നയിക്കുന്ന UDF ന്റെ പുതുയുഗ യാത്ര കണ്ണൂർ ജില്ലയിലെ പര്യടനത്തിന് ശേഷം വയനാട് ജില്ലയിൽ പ്രവേശിച്ചു. മാനന്തവാടിയിലാണ് ആദ്യ സ്വീകരണം. തുടർന്ന് ബത്തേരിയിലും കൽപ്പറ്റയിലും യാത്രയ്ക്ക് സ്വീകരണം നൽകും.

കോഴിക്കോട് ജില്ലയിലെ പര്യടനം നാളെയും മറ്റന്നാളുമാണ്. നാളെ രാവിലെ ജില്ലാ അതിർത്തിയായ തൊട്ടിൽപ്പാലത്ത് ജാഥയെ UDF നേതാക്കൾ സ്വീകരിക്കും.

✪✪✪

സംസ്ഥാനത്ത് എല്ലാവരും ഭരണമാറ്റം ആഗ്രഹിക്കുന്നതായി പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. LDF ഗവൺമെന്റിന് തീവ്ര വലതുപക്ഷ നിലപാടാണെന്നും, അതാണ് ഇടത് സാംസ്കാരിക പ്രവർത്തകരെ പോലും

സംസ്ഥാന ഗവൺമെന്റിന് എതിരാക്കിയതെന്നും അദ്ദേഹം വയനാട്ടിൽ പുതുയുഗ യാത്രക്കിടെ മാധ്യമങ്ങളോട് പറഞ്ഞു. പിണറായി 3.0 എന്ന് കേൾക്കുമ്പോൾ ജനം തലയിൽ കൈ വെക്കുകയാണെന്നും സതീശൻ വിമർശിച്ചു.

✪✪✪

തുടർ ഭരണം ആവശ്യമില്ലെന്ന കവി സച്ചിദാനന്ദന്റെ പ്രസ്താവനയെച്ചൊല്ലി സംസ്ഥാനത്ത് രാഷ്ട്രീയ വിവാദം സജീവമാകുന്നു. LDF ന്റെ തുടർഭരണം ലക്ഷ്യമിട്ട് വികസന മുന്നേറ്റജാഥ തുടരുമ്പോഴാണ് സച്ചിദാനന്ദൻ വിവാദ പ്രസ്താവനയ്ക്ക് കഴിഞ്ഞ ദിവസം തുടക്കമിട്ടത്. തുടർഭരണം പാർട്ടിയെ നശിപ്പിക്കുമെന്നും അവസരവാദികൾ ഭരണ സംവിധാനത്തിലേക്ക് കടന്നു വരുമെന്നുമാണ് സച്ചിദാനന്ദൻ പറഞ്ഞത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, ബംഗാളിലെ അവസ്ഥയിലേക്ക് എത്തിയിട്ടില്ലെന്നും ഭരണ തുടർച്ച ഉണ്ടായാൽ അതിന് സാധ്യത ഉണ്ടാകുമെന്നും സച്ചിദാനന്ദൻ അഭിപ്രായപ്പെട്ടു.

ഇതോടെ, പിന്തുണയറിയിച്ച് എഴുത്തുകാരി സാറാ ജോസഫും മുന്നോട്ട് വന്നു. സച്ചിദാനന്ദന്റെ അഭിപ്രായം തെറ്റാണെന്ന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് പറഞ്ഞു.

പ്രതിപക്ഷ നേതാവ് VD സതീശൻ സച്ചിദാനന്ദന്റെ അഭിപ്രായത്തെ സ്വാഗതം ചെയ്തു. LDF ഗവൺമെന്റിനെതിരായ UDF ന്റെ വിമർശനം, സച്ചിദാനന്ദൻ ശരിവെക്കുകയാണെന്നും കേരളത്തിലെ ജനങ്ങളുടെ ആഗ്രഹമാണ് അദ്ദേഹം പ്രകടിപ്പിച്ചതെന്നും VD സതീശൻ പുതുയുഗ യാത്രക്കിടെ പറഞ്ഞു.

✪✪✪

ശബരിമല സ്വർണ്ണപ്പാളിക്കേസുമായി ബന്ധപ്പെട്ട് നടൻ ജയറാമിന് ചോദ്യം ചെയ്യലിന് ഹാജരാകാൻ ED സമൻസ് നൽകി. ഈ മാസം 17-ന് കൊച്ചിയിലെ ED ഓഫീസിൽ ഹാജരാകാനാണ് നോട്ടീസ് അയച്ചത്. ED യുടെ കൊച്ചി ഓഫീസിൽ, അടുത്ത ആഴ്ച ഹാജരാകണമെന്നാണ് നോട്ടീസിലെ നിർദേശം. സ്വർണക്കൊള്ള കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുമായി ബന്ധത്തിൽ വ്യക്തത തേടാനാണ് ജയറാമിനെ ED വിളിപ്പിച്ചിരിക്കുന്നത്.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A. പത്മകുമാറിന്റെ റിമാൻഡ് കാലാവധി കൊല്ലം വിജിലൻസ് കോടതി ഈ മാസം 24 വരെ നീട്ടി.

കേസിലെ മറ്റൊരു പ്രതി തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് N. വാസുവിന്റെ ജാമ്യാപേക്ഷയിൽ വിധി നാളെത്തേക്ക് മാറ്റി. തന്ത്രിയുടെ ജാമ്യഹർജികളിൽ പ്രോസിക്യൂഷൻ വാദം ഉച്ചയ്ക്കുശേഷം തുടരും.

✪✪✪

വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ സ്വകാര്യ മേഖലയിലെ 25 ലക്ഷത്തോളം തൊഴിലാളികൾക്കായി, സംസ്ഥാന ഗവണ്മെന്റിന്റെ "രക്ഷാകവചം പദ്ധതി", മന്ത്രി V.ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതാണ് പദ്ധതി.

പദ്ധതിയിൽ അംഗമാകുന്ന സ്വകാര്യ മേഖലയിലെ തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ 5 ലക്ഷം രൂപ ആശ്രിതർക്ക് ലഭിക്കും.

✪✪✪

അഞ്ചു ദിവസത്തെ ഉത്തരവാദിത്ത ടൂറിസം മേള നാളെ തിരുവനന്തപുരത്ത് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ കേരളം കൈവരിച്ച മുന്നേറ്റങ്ങൾ പ്രദർശിപ്പിക്കുന്ന മേള, ഫെബ്രുവരി 15 ന് കനകക്കുന്നിൽ സമാപിക്കും.

✪✪✪

സംസ്ഥാന ഗവണ്മെന്റ് സേവനങ്ങൾ, ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാൻ ജനകേന്ദ്രീകൃത മൊബൈൽ ആപ്ലിക്കേഷൻ - 'നമ്മുടെ കേരളം' തയ്യാറാകുന്നു. ആപ്പ് ഈ മാസം 24-ന് മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി പ്രകാശനം ചെയ്യും.

✪✪✪

ട്വന്റി-20 ലോകകപ്പിൽ ഡൽഹിയിൽ നെതർലന്റ്സ്, നമീബിയ മത്സരം ആരംഭിച്ചു. ടോസ് നേടിയ നെതർലന്റ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ നമീബിയ 17 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 130 റൺസെടുത്തു.

ചെന്നൈയിൽ ഉച്ചകഴിഞ്ഞ് മൂന്നിന് ന്യൂസിലാന്റ്, UAE യുമായി മത്സരിക്കും.

മറ്റൊരു മത്സരത്തിൽ കൊളംബോയിൽ വൈകിട്ട് ഏഴിന് പാകിസ്ഥാൻ, USA യെ നേരിടും.

✪✪✪

കേരളത്തിലെ ഒമ്പത് മത്സ്യ ഗ്രാമങ്ങളിൽ ISRO വികസിപ്പിച്ചെടുത്ത ഉപകരണമായ നഭമിത്ര എക്സ്പോണ്ടർ സജ്ജമാക്കി.

തൃശ്ശൂർ ജില്ലയിലെ തീരപ്രദേശങ്ങളായ വലപ്പാട്, ചേറ്റുവ, എടക്കഴിയൂർ തീരങ്ങളിൽ ഇത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയിൽ വലിയ മാറ്റമാണ് കൊണ്ടുവരുന്നത്.

കൂടുതൽ വിവരങ്ങളുമായി ഭരിത പ്രതാപ് .....

(വോയ്സ്)......

കേരളത്തിലെ 9 മത്സ്യഗ്രാമങ്ങളിൽ ഒന്നായ എടക്കഴിയൂരിലെ ഈ മുന്നേറ്റം ഡിജിറ്റൽ ഇന്ത്യയുടെ കരുത്ത് മത്സ്യബന്ധന മേഖലയിലേക്കും വ്യാപിപ്പിക്കുന്നതിന്റെ തെളിവാണ്. ഇനി മുതൽ കടലിലെ ഏത് പ്രതിസന്ധിയിലും മത്സ്യത്തൊഴിലാളികൾ ഒറ്റപ്പെടില്ലെന്ന കേന്ദ്രസർക്കാരിന്റെ ഉറപ്പാണ് ഈ പദ്ധതി നൽകുന്നത്.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ തീരദേശ മേഖലകളിൽ ഇരുനൂറോളം മീൻപിടുത്ത യാനങ്ങളിൽ അത്യാധുനിക 'നഭമിത്ര' എക്സ്പോണ്ടർ ഘടിപ്പിച്ചു.

മൊബൈൽ റേഞ്ച് ലഭിക്കാത്ത ആഴക്കടലിലും കരയുമായി ബന്ധപ്പെടാൻ സഹായിക്കുന്ന ടു-വേ കമ്മ്യൂണിക്കേഷൻ സംവിധാനമാണ് നഭമിത്രയുടെ പ്രത്യേകത.

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പ്രകാരം 577 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് എടക്കഴിയൂരിൽ നടപ്പിലാക്കുന്നത്.

ഉപഗ്രഹ സാങ്കേതികവിദ്യയിലൂടെ പ്രവർത്തിക്കുന്ന ഈ ആപ്പ് വഴി കാലാവസ്ഥാ വ്യതിയാനം, ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ എന്നിവ തത്സമയം പ്രാദേശിക ഭാഷയിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കും.

കടലിൽ വച്ച് ബോട്ട് മറിയുകയോ തീപിടുത്തം സംഭവിക്കുകയോ ചെയ്താൽ എക്സ്പോണ്ടറിലെ ബട്ടൺ അമർത്തുന്നതിലൂടെ കൃത്യമായ ലൊക്കേഷൻ സഹിതം കൺട്രോൾ റൂമിൽ സന്ദേശമെത്തും. കടലിലെ ഉപഗ്രഹ വിവരങ്ങൾ വിശകലനം ചെയ്ത് മത്സ്യങ്ങൾ കൂടുതൽ ഉള്ള സ്ഥലങ്ങൾ (Potential Fishing Zones) കണ്ടെത്താനും ഈ ആപ്പ് സഹായിക്കുന്നു..ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിലാണ് എടക്കഴിയൂർ ബീച്ചിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനാണ് പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചത്.

✪✪✪

പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി "രാമയ്യർ നഗർ അംബേദ്കർ ഗ്രാമ"ത്തിന്റെ പ്രവൃത്തി, മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്തു. ഒരു കോടി രൂപ ചെലവിൽ 15 വീടുകളുടെ പുനരുദ്ധാരണം, മൂന്ന് റോഡുകളുടെ നിർമാണം, തുടങ്ങിയ പ്രവൃത്തികൾ ഇതിലുൾപ്പെടുന്നു.

✪✪✪

സംസ്ഥാനത്ത് പകൽ, താപനില ഉയരുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചു. പകൽ 11 മുതൽ 3 വരെ കൂടുതൽ നേരം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് അതോറിറ്റി ആവശ്യപ്പെട്ടു.

✪✪✪

കേരള മീഡിയ അക്കാദമിയുടെ ന്യൂസ് ബയോഗ്രഫി കോൺക്ലേവ് നാളെ തിരുവനന്തപുരത്ത് സംഘടിപ്പിക്കും. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫസർ VK രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മുതിർന്ന പത്രപ്രവർത്തകരെ ആദരിക്കും.

✪✪✪

രാപ്പകൽ സമരത്തിന്റെ ഒന്നാം വാർഷിക ദിനമായ ഇന്ന്, സംസ്ഥാനത്തെ ആശമാർ സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തി. പാളയത്ത് നിന്ന് ആരംഭിച്ച മാർച്ച് സെക്രട്ടറിയേറ്റിന് മുന്നിൽ കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് V.K സദാനന്ദൻ ഉദ്ഘാടനം ചെയ്തു. പ്രതിമാസ ഓണറേറിയം 21,000 രൂപ, വിരമിക്കൽ ആനുകൂല്യം 5 ലക്ഷം രൂപ എന്നിവയാണ് അസോസിയേഷൻ ഉന്നയിക്കുന്നത്.

✪✪✪

കോഴിക്കോട് ആകാശവാണിയിൽ നിന്നും ദൂരദർശനിൽ നിന്നും വിരമിച്ചവരുടെ കൂട്ടായ്മ 'ആകാശദർശ'ന്റെ ആദ്യ കുടുംബസംഗമം നാളെ രാവിലെ കോഴിക്കോട്ട് സംഘടിപ്പിക്കും. കവിയും ആകാശവാണി മുൻ പ്രോഗ്രാം ഓഫീസറും ആയിരുന്ന PP ശ്രീധരനുണ്ണി ഉദ്ഘാടനം ചെയ്യും. നളന്ദ ഓഡിറ്റോറിയിത്തിലാണ് പരിപാടി.

✪✪✪

*News Editor വികെ സുരേഷ്*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*